# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

Web: www.malankaraorthodoxalmayavedhi.org

2007 ഏപ്രിൽ 20

## അസോസിയേഷൻ സെക്രട്ടറി: സ്ഥാനാർത്ഥികളുടെ ബാഹുല്യം

**അൽമായവേദി ന്യൂസ് സർവീസ്**

കോട്ടയം: മെയ് രണ്ടിനു നടക്കുന്ന അസോസിയേഷൻ സെക്രട്ടറി സ്ഥാനത്തേയ്ക്കുള്ള മത്സരത്തിൽ സ്ഥാനാർത്ഥികളുടെ ബാഹുല്യം. മുമ്പുതന്നെ സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ച അഡ്വ. ബിജു ഉമ്മൻ (നിരണം), അഡ്വ. ജോസഫ് ജോൺ (മാവേലിക്കര), എം. എം. സഖറിയാ (കോട്ടയം) എന്നിവർക്കു പുറമെ എ. കെ. ജോസഫ് (കോട്ടയം സെൻട്രൽ), പ്രൊഫ. ജി. ജോൺ (തുമ്പമൺ), ഡോ. ജോർജ് ജോസഫ് (തുമ്പമൺ) എന്നിവരും സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചു. ഇവർക്കു പുറമെ ജുബ്ബാ സംഘം ഡോ. റ്റി. എ. ജോർജിനെ സ്ഥാനാർത്ഥിയാക്കിയതോടെ മത്സരം രൂക്ഷമാകുമെന്നാണ് സൂചനകൾ.

## കുടുംബാധിപത്യത്തിന് കളമൊരുങ്ങുന്നു

**അൽമായവേദി ന്യൂസ് സർവീസ്**

കോഴഞ്ചേരി: എം. എം. സഖറിയാ, ഡോ. റ്റി. എ. ജോർജ് ഇവരിൽ ആര് അസോസിയേഷൻ സെക്രട്ടറിയായി ജയിച്ചാലും മലങ്കരസഭയിൽ കുടുംബാധിപത്യത്തിന് കളമൊരുങ്ങുന്നതായി ആക്ഷേപമുയരുന്നു.

അൽമായട്രസ്റ്റി മുത്തൂറ്റ് എം. ജി. ജോർജിന്റെ കുടുംബാംഗമാണ് ഡോ. റ്റി. എ. ജോർജ്. എം. എം. സഖറിയ, മുത്തൂറ്റ് എം. ജി. ജോർജിന്റെ ബന്ധുവും. ഇവരിൽ ആരു ജയിച്ചാലും മലങ്കരസഭയിൽ അൽമായക്കാർക്കു ലഭിക്കാവുന്ന ഏറ്റവും വലിയ സ്ഥാനങ്ങളായ അൽമായട്രസ്റ്റി, അസോസിയേഷൻ സെക്രട്ടറി എന്നീ സ്ഥാനങ്ങൾ ഒരേ കുടുംബത്തിന്റെ കൈപ്പിടിയിലൊതുങ്ങും. ലക്ഷക്കണക്കിന് അംഗങ്ങളുള്ള മലങ്കരസഭയിൽ ഇത് ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണെന്ന് അനേകർ ആശങ്കപ്പെടുന്നു. ഇതിനിടെ ഓർത്തഡോക്സ് സഭാംഗമായ ഒരു പ്രമുഖ രാഷ്ട്രീയ നേതാവിനു വേണ്ടിയാണ് താൻ മത്സരിക്കുന്നതെന്ന് കോട്ടയത്തു നിന്നുള്ള ഒരു സ്ഥാനാർത്ഥിയുടെ പ്രഖ്യാപനത്തെയും ആശങ്കയോടെയാണ് പലരും വീക്ഷിക്കുന്നത്.

## ദുർബലനായ സെക്രട്ടറി: ചില മെത്രാന്മാർക്കും താല്പര്യം

കോട്ടയം: ദുർബലനായ അസോസിയേഷൻ സെക്രട്ടറി ഉണ്ടാകുന്നതിൽ ചില മെത്രാപ്പോലീത്താമാർക്കും സജീവ താല്പര്യമുള്ളതായി അറിയുന്നു. മാനേജിംഗ് കമ്മറ്റിയുടെ അധികാരം കവർന്നെടുക്കുന്ന സുന്നഹദോസ് നടപടികൾക്ക് ശക്തനായ സെക്രട്ടറി തടസമാകുമെന്നും തങ്ങളുടെ പിടിയിൽ നിൽക്കുന്ന സെക്രട്ടറിയെ ലഭിച്ചാൽ കാര്യങ്ങൾ അനുകൂലമാകുമെന്നതുമാണ് ഇവരുടെ താല്പര്യം. സ്ഥാപനങ്ങളിലെ ഫോണും മറ്റു കാര്യങ്ങളും ഈ ആവശ്യത്തിനായി ദുരുപയോഗം ചെയ്യുന്നതായും ആരോപണം ഉയർന്നിട്ടുണ്ട്.

## ഡോ. റ്റി. എ. ജോർജ് സ്ഥാനാർത്ഥി; ലക്ഷ്യം നിയുക്തബാവായെ ഒതുക്കൽ

**അത്മായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: അനാരോഗ്യം മൂലം ഒരു മത്സരത്തിനും താനില്ല എന്നു പരസ്യമായി പ്രസ്താവിച്ച തുമ്പമൺ ഭദ്രാസനത്തിൽ നിന്നുള്ള ഡോ. റ്റി. എ. ജോർജിനെ നിർബന്ധപൂർവ്വം അസോസിയേഷൻ സെക്രട്ടറിയായി സ്ഥാനാർത്ഥിയാക്കി. പുതിയ മാനേജിംഗ് കമ്മറ്റിയിലെ നോമിനേറ്റഡ് അംഗമാണ് അദ്ദേഹം.

തങ്ങളേക്കാൾ ജൂണിയറായ പൗലൂസ് മാർ മിലിത്തിയോസ് നിയുക്ത കാതോലിക്കായായി തിരഞ്ഞെടുക്കപ്പെട്ടതിൽ അസ്വസ്ഥരായ രണ്ട് മെത്രാന്മാരാണ് ഈ നീക്കത്തിനു പിന്നിൽ. ഡോ. റ്റി. എ. ജോർജിന്റെ തിരഞ്ഞെടുപ്പ് ചിലവ് പൂർണമായും വഹിക്കുന്നത് ഇതിലൊരു മെത്രാനാണ്. ദുർബലമായ ഒരു ഭരണസംവിധാനം ഉണ്ടാക്കി നിയുക്തബാവാ, കാതോലിക്കാസ്ഥാനം ഏൽക്കുന്നതിനു മുമ്പുതന്നെ അയോഗ്യനെന്നു മുദ്രകുത്തുകയും അദ്ദേഹത്തിനു നിയന്ത്രിക്കാനാവാത്ത രീതിയിൽ കാര്യങ്ങൾ എത്തിക്കുകയുമാണ് ഈ മെത്രാന്മാരുടെ ലക്ഷ്യം. അങ്ങനെ വന്നാൽ തങ്ങളുടെ തോന്ന്യവാസത്തെ ആരും ചോദ്യം ചെയ്യില്ല എന്നും ഇവർ കണക്കു കൂട്ടുന്നു.

ഏതാനും ആഴ്ചകളായി നിരന്തരസമ്മർദ്ദമുണ്ടായിട്ടും മത്സരിക്കാൻ തയാറാകാതെ ഒളിച്ചുനടന്ന ഡോ. റ്റി. എ. ജോർജിനെ ഒരു മെത്രാൻ വീട്ടിലെത്തി നേരിട്ടു സമ്മർദ്ദം ചെലുത്തിയാണ് സ്ഥാനാർത്ഥിയാക്കിയത്. ഇതോടെ എഴുപത്തിയാറുവയസ്സുള്ള ഡോ. ജോർജ് മലങ്കരസഭയുടെ ചരിത്രത്തിലെ ഏറ്റവും പ്രായം കൂടിയ സെക്രട്ടറി സ്ഥാനാർത്ഥിയായി. നിയുക്ത ബാവായ്ക്ക് അറുപത്തൊന്നു വയസും വൈദിക – അൽമായ ട്രസ്റ്റിമാർക്ക് യഥാക്രമം അൻപത്തിരണ്ടും അറുപതും വയസു മാത്രം പ്രായമുള്ളപ്പോൾ കൂടുതൽ പ്രവർത്തനമേഖലകളുള്ള ദൈനംദിന ഭരണത്തിന് നേതൃത്വം നൽകേണ്ട സെക്രട്ടറി സ്ഥാനത്തേയ്ക്ക് എഴുപത്താറുകാരനെ ഉയർത്തിക്കൊണ്ടുവരുന്നതിനു പിമ്പിലെ ദുരദ്ദേശ്യം പകൽപോലെ വ്യക്തമാണെന്ന് ഒരു സീനിയർ മാനേജിംഗ് കമ്മറ്റിയംഗം *അൽമായവേദി*യോടു പറഞ്ഞു.

കഴിഞ്ഞ കാതോലിക്കാ തിരഞ്ഞെടുപ്പിൽ മൽസരിച്ചു പരാജയപ്പെടുകയും പുതിയ നിയുക്ത കാതോലിക്കായെ അനുമോദിച്ച് “എന്റെ പ്രശ്നം അവസാനിച്ചു. അങ്ങയുടെ പ്രശ്നം ആരംഭിച്ചിരിക്കുന്നു” എന്നു പ്രസംഗിക്കുകയും ചെയ്ത മെത്രാപ്പോലീത്തായും മാർ മിലിത്തിയോസിനെതിരായ ഈ നീക്കത്തിനു പിമ്പിലുള്ളതായി പറയപ്പെടുന്നു.

### ഓഫ് സൈഡ് – ഓഫ് സൈഡ്

**ഞങ്ങൾക്കൊരു കൂട്ടാകുമല്ലോ....**

ദേവലോകം സെക്രട്ടറിയേറ്റിലെ പ്രധാന തസ്തികകളിൽ വിരാജിക്കുന്നവരെല്ലാം വയസ്സന്മാരാണ്. അവർ രാവിലെ കുളിയും തേവാരവും കഴിഞ്ഞ് എത്തുമ്പോൾ തന്നെ പതിനൊന്നു മണി കഴിയും. നല്ല മഴക്കാലം, നല്ല തണുപ്പുകാലം തുടങ്ങിയ സമയത്തൊക്കെ അവരിൽ പലരും അസുഖം മൂലം ഹാജരാകാറുമില്ല. കുട്ടപ്പൻസാർ ഈ ഗ്രൂപ്പിലേക്കു വരുന്നതിൽ വയസ്സൻ ക്ലബ്ബ് അതീവ സന്തോഷത്തിലാണ്. തങ്ങളുടെ അതേ അവസ്ഥയിലുള്ള സെക്രട്ടറി തങ്ങൾക്കൊരു കൂട്ടാകുമല്ലോ എന്നവർ പ്രതീക്ഷിക്കുന്നു.

# വിഭജന ചർച്ചകൾ ആരംഭിച്ചു

**അത്മായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: സമുദായക്കേസിൽ 1995 ലെ വിധി നടപ്പാക്കുമെന്നും മലങ്കരസഭ വിജയിക്കുമെന്നും സൂചനകൾ ലഭിച്ചതോടെ തിരക്കിട്ട് വിഭജനചർച്ചകൾ ആരംഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. അതീവ രഹസ്യമായാണ് ചർച്ചകൾ നടത്തുന്നത്.

സമീപകാലത്ത് അധികാരവും പ്രസക്തിയും നഷ്ടപ്പെട്ട മലങ്കരസഭയിലെ തന്നെ വിഭജനവാദികളാണ് ചർച്ചകൾക്ക് മുൻകൈ എടുത്തതെന്നതാണ് ശ്രദ്ധേയമായ വസ്തുത. വിധി നടത്താനുള്ള അവസരം നൽകാതെ പുത്തൻകുരിശു സൊസൈറ്റിയുമായി ഒത്തുതീർപ്പ് കരാറുണ്ടാക്കി പള്ളികൾ വിട്ടുകൊടുക്കാമെന്നാണ് ഇവരുടെ വാഗ്ദാനം.

വിഭജനശ്രമങ്ങളെ എതിർക്കാത്ത ഒരു സെക്രട്ടറി തിരഞ്ഞെടുക്കപ്പെടാനും, വർക്കിംഗ് കമ്മറ്റിയിലെ ശക്തരായ മെമ്പർമാരെ ഒഴിവാക്കാനും ഇവർ തീവ്രശ്രമം നടത്തുന്നുണ്ട്. അങ്ങനെ വന്നാൽ പ. ബാവാ തിരുമേനിയെയും നിയുക്ത ബാവായെയും തങ്ങളുടെ വരുതിയിലാക്കി വിഭജനം യാഥാർത്ഥ്യമാക്കാമെന്നും ഇവർ കണക്കുകൂട്ടുന്നു.

സഭയുടെ ഉന്നതനേതൃത്വം അറിയാതെയാണ് വിഭജന ചർച്ചകൾ പുരോഗമിക്കുന്നത്.

# കുട്ടപ്പൻസാറിനെ ക്രൂശിക്കരുത്

പത്തനംതിട്ട: തികഞ്ഞ സഭാസ്നേഹിയും മാന്യനുമായ ഡോ. റ്റി. എ. ജോർജിനെ നിർബന്ധപൂർവ്വം സെക്രട്ടറി സ്ഥാനാർത്ഥിയാക്കിയത് അദ്ദേഹത്തോടു കാട്ടുന്ന തികഞ്ഞ ക്രൂരതയാണെന്ന് അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ.

പ്രായവും അനാരോഗ്യവും മൂലം തനിക്ക് ഈ സ്ഥാനത്തോടു നീതി പുലർത്താനാവില്ലെന്നു പരസ്യമായി പ്രഖ്യാപിക്കുകയും മാനേജിംഗ് കമ്മറ്റിയിലേയ്ക്കു പോലും മൽസരിക്കാതിരിയ്ക്കുകയും ചെയ്ത ഡോ. റ്റി. എ. ജോർജിനെ നിർബന്ധിച്ചാണ് മത്സരരംഗത്തിറക്കിയത്. നേരത്തെ കടുത്ത സമ്മർദ്ദത്തെ അതിജീവിക്കുവാൻ ഫോൺ കട്ടു ചെയ്യുകയും ഒളിച്ചുമാറി നടക്കുകയും ചെയ്ത അദ്ദേഹത്തെ രണ്ടു മെത്രാപ്പോലീത്താമാരാണ് നിർബന്ധിച്ച് സ്ഥാനാർത്ഥിയാക്കിയത്.

വിജയിക്കാനുള്ള സാധ്യത ഇല്ലാതിരിക്കുകയും വിജയിച്ചാൽതന്നെ പ്രായവും അനാരോഗ്യവും മൂലം പ്രവർത്തനപരാജയം ഉറപ്പാവുകയും ചെയ്ത ഡോ. റ്റി. എ. ജോർജിനെ പൊതുജനമദ്ധ്യത്തിൽ അപഹാസ്യനാക്കാനേ ഈ സ്ഥാനാർത്ഥിത്വം ഉപകരിയ്ക്കൂയെന്ന് അദ്ദേഹത്തിന്റെ ഒരു ശിഷ്യൻ *അൽമായവേദി*യോടു പറഞ്ഞു.

"കുട്ടപ്പൻസാർ പെൻഷനായിട്ട് 20 വർഷം കഴിഞ്ഞു. ഇത്രയും കാലം അദ്ദേഹത്തിനു ഒരു സ്ഥാനം കൊടുക്കാനോ അംഗീകരിക്കാനോ തയാറാകാതിരുന്ന സഭയിലെ ചില മെത്രാന്മാർ ഈ വയസുകാലത്ത് അദ്ദേഹത്തെ വേഷം കെട്ടിക്കുന്നത് കളിയാക്കുന്നതിനു തുല്യമാണ്." രോഷാകുലനായ മറ്റൊരു ശിഷ്യൻ പ്രതികരിച്ചു.

കുട്ടപ്പൻസാറിന്റെ സേവനം സഭയ്ക്ക് ഇത്രയധികം ആവശ്യമായിരു ന്നെങ്കിൽ അധികം ജോലിഭാരമില്ലാത്ത അൽമായട്രസ്റ്റി സ്ഥാനത്തേയ്ക്ക് എന്തുകൊണ്ട് അദ്ദേഹത്തെ പരിഗണിച്ചില്ലെന്നും ചിലർ ചോദിച്ചു.

ഇതിനിടെ ദേവലോകത്തു നിന്നും പുറത്തായ ജുബ്ബാസംഘവും ഡോ. റ്റി. എ. ജോർജിനായി രംഗത്തെത്തിയിട്ടുണ്ട് എന്നത് ഗൂഢാലോചനയുടെ ലക്ഷ്യം പകൽപോലെ വ്യക്തമാക്കുന്നുണ്ട്. ഭരണത്തെ മൊത്തം ദുർബലമാക്കുക, പിൻവാതിലിലൂടെ വീണ്ടും അധികാരത്തിൽ കയറിപ്പറ്റുക എന്നതാണ് ജുബ്ബാ സംഘത്തിന്റെ ലക്ഷ്യമെന്ന് റിപ്പോർട്ടു ചെയ്യപ്പെടുന്നു. സമീപകാലത്ത് അധികാരം നഷ്ടപ്പെട്ട ഒരു ജുബ്ബാ വർക്കിംഗ് കമ്മറ്റിയിൽ കയറിപ്പറ്റാനും ശ്രമിക്കുന്നുണ്ട്.

ഇതിനിടെ, ആത്മഹത്യാപരമായ ഈ സ്ഥാനാർത്ഥിത്വത്തിൽനിന്നും പിൻമാറണമെന്ന് പല അഭ്യുദയകാംക്ഷികളും ഡോ. റ്റി. എ. ജോർജിനെ ഉപദേശിച്ചതായി അറിയുന്നു.

## ഓഫ് സൈഡ് - ഓഫ് സൈഡ്

### ബെൻസ് മെക്കാനിക്കും അസോസിയേഷൻ സെക്രട്ടറിയും

കോട്ടയത്ത് നോയമ്പു വീടിയിട്ട് ഒരു വിവാഹം. വധു എത്താൻ താമസിച്ചതിനാൽ ഒരു മെത്രാച്ചനും ഏതാനും വൈദികരും ആകാംക്ഷയോടെ കാത്തിരിക്കുന്നു. ഈ സമയം ഒരു വൈദികൻ കോട്ടയത്തുനിന്നുള്ള ഒരു അസോസിയേഷൻ സെക്രട്ടറി സ്ഥാനാർത്ഥിയുടെ അപദാനങ്ങൾ പാടി പുകഴ്ത്തിത്തുടങ്ങി. വിവരണം കത്തിക്കയറിയതോടെ മറ്റ് വൈദികർ അസ്വസ്ഥരായി. പല സൂചനകൾ നൽകിയിട്ടും ഫലം നഹി. പറഞ്ഞു പറഞ്ഞ് സ്ഥാനാർത്ഥിക്ക് "കണക്കറിയാം, കമ്പ്യൂട്ടറിയാം, കമ്പ്യൂട്ടർ നന്നാക്കാനുമറിയാം" എന്നായി ഇലക്ഷൻ ഏജന്റ് റവ. വൈദികൻ.

അതോടെ അതുവരെ നിശബ്ദനായിരുന്ന മെത്രാപ്പോലീത്താ പറഞ്ഞു: "അച്ചോ കമ്പ്യൂട്ടർ നന്നാക്കാനറിയാവുന്നവരൊന്നും ദേവലോകത്തു വന്നിട്ടു കാര്യമില്ല. അച്ചനു പരിചയമുണ്ടെങ്കിൽ ബെൻസു കാറു നന്നാക്കാനറിയാവുന്ന വല്ലവരെയും സെക്രട്ടറിയായി കണ്ടുപിടിക്ക്. ഒന്നുമല്ലെങ്കിൽ ബാവായുടെ കാറെങ്കിലും വഴീൽ കിടക്കാതിരിക്കുമല്ലോ." പിന്നെ വിവാഹ കൂദാശ കഴിഞ്ഞ് ഭക്ഷണം കഴിക്കാൻ മാത്രമാണത്രെ ടി. വൈദികൻ വായ് തുറന്നത്.

### ഉ. ചാ. മ. റ. യുടെ പിന്തുണയും കുട്ടപ്പൻ സാറിന്

കോട്ടയം: സെക്രട്ടറി സ്ഥാനത്തേക്ക് ഉമ്മൻ ചാണ്ടി - മനോരമ - റമ്പാൻ സഖ്യത്തിന്റെ പിന്തുണ റ്റി. എ. ജോർജ്ജിന്. ഉ. ചാ. മ. റ. യ്ക്കു വേണ്ടി മനോരമ ജീവനക്കാരും രംഗത്തിറങ്ങിയിട്ടുണ്ട്. കുട്ടപ്പൻ സാറിനു വേണ്ടി വോട്ടുചോദിക്കാൻ ചെന്ന മനോരമ ജീവനക്കാരായ ചില ചെറുപ്പക്കാരോട് "ഒന്നിനുംകൊള്ളാത്ത, മെത്രാന്മാരെ താങ്ങി നടക്കുന്ന ഇങ്ങേരെയല്ലാതെ വേറെയാരെയും സ്ഥാനാർത്ഥിയായി കിട്ടിയില്ലേ?" എന്ന് പലരും ചോദിച്ചതായി അറിയുന്നു.

കഴിഞ്ഞ നിയുക്ത കാതോലിക്കാ തിരഞ്ഞെടുപ്പ് സമയത്ത് അപ്രതീക്ഷിതമായി അസുഖമായി ആശുപത്രിയിൽ കഴിയേണ്ടിവന്നതു മൂലം മോഹം സാധിക്കാതെപോയ ഒരു മെത്രാനാണ് കുട്ടപ്പൻ സാറിനു വേണ്ടി പ്രധാനമായും രംഗത്തുള്ളത്. അദ്ദേഹത്തിന്റെയും മനോരമയുടെയും ഇടനിലക്കാരനായ റമ്പാനും വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷനായ മെത്രാനുമാണ് കുട്ടപ്പൻ സാറിന്റെ മറ്റ് അഭ്യുദയകാംക്ഷികൾ.

നോമിനേറ്റഡ് മെമ്പർമാരുടെ ലിസ്റ്റിൽ കെ. എം. മാത്യുവിന്റെ മകൻ ഫിലിപ്പ് മാത്യുവിന്റെ പേര് ഉൾപ്പെടുത്തി മനോരമയെ സുഖിപ്പിക്കാനൊരു ശ്രമം സഭാനേതൃത്വം നടത്തിയെങ്കിലും അതിൽ വീഴാതെ "അഞ്ചു വർഷം കഴിഞ്ഞ് പരിഗണിക്കാം, അച്ചായൻ ഇരിക്കുമ്പോൾ എനിക്ക് സ്ഥാനം വേണ്ട" എന്ന തീരുമാനത്തിൽ മകൻ ഉറച്ചുനിന്നതോടെ ആ ശ്രമവും പാളിയിരുന്നു. അവസാനം കണ്ടത്തിൽ കുടുംബത്തിൽ നിന്ന് കൊള്ളാവുന്ന ഒരാളെ തപ്പിയിട്ട് കിട്ടാഞ്ഞിട്ടോ എന്തോ വർക്കിംഗ് കമ്മറ്റിയംഗമായ മാമ്മൻ വർഗീസിനെയാണ് പുതിയ നോമിനേറ്റഡ് ലിസ്റ്റിൽ കാണുന്നത്.

Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi
(Reg. No. K 713/2005), PB No. 652, II nd Floor, Kandathil Building, Temple Road, Kottayam - 686 001 Editor: Philipose Pottackavayalil